(എ) വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളിൽ നിലവിലുള്ള സ്റ്റാഫ് ആവശ്യത്തിലും അധികമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പുതിയ നിയമനങ്ങൾ നടത്തുന്നതിനുമുമ്പ് നിയമനം യഥാർത്ഥത്തിൽ ആവശ്യമുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ;

(സി) ആവശ്യത്തിലധികം സ്റ്റാഫുകളുള്ള വിംഗുകളിൽനിന്നും സ്റ്റാഫ് കുറവുള്ള വിംഗുകളിലേക്കുമാറ്റി നിയമിക്കുന്ന കാര്യം പരിശോധിച്ച് ബോർഡിന്റെ ശമ്പളയിനത്തിലുള്ള ചെലവ് കൂട്ടാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആവശ്യത്തിലധികം സ്റ്റാഫുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന വിംഗുകളിൽ നിന്നും സ്റ്റാഫ് കുറവുള്ള വിംഗുകളിലേക്കുമാറ്റി നിയമിക്കാറുണ്ട്.

വൈദ്യുതി ബോർഡിനു പിരിഞ്ഞുകിട്ടാനുള്ള തുക

206 [1148] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ സംസ്ഥാന ഗവൺമെന്റിനും ബോർഡിനും നൽകിയിട്ടുള്ള നിർദ്ദേശങ്ങളും ശുപാർശകളും എന്തെല്ലാമാണ്; ഇതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2001-2002 മുതൽ കഴിഞ്ഞ നാലു വർഷങ്ങളിലായി കുടിശ്ശിക ഇനത്തിൽ ഓരോ മേഖലയിൽ നിന്നും പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2004-2005-ലെ ARR & ERC-യിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിനായി ഒരു Task Force രൂപീകരിക്കണമെന്ന് SERC ബോർഡിനോട് നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ കുടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുവാനും SERC നിർദ്ദേശിക്കുകയുണ്ടായി. ഇതിൽ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. എന്നാൽ ആശുപത്രികളുടെ ക്ലിനിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷനുകൾ, പൊതു കുടിവെള്ള പദ്ധതികൾ, ക്രമസമാധാനത്തെ ബാധിക്കുന്ന കണക്ഷനുകൾ തുടങ്ങിയവയെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ വരുത്തിയ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുതലവൻമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചു കൂട്ടുകയും അതിലെടുത്ത തീരുമാനപ്രകാരം കുടിശ്ശിക എത്രയും പെട്ടെന്ന് അടച്ചു തീർക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) *(രൂപ ലക്ഷത്തിൽ)*

ദക്ഷിണമേഖല	..	9506.138
മദ്ധ്യമേഖല	..	11639.71
ഉത്തരമേഖല	..	15072.871

വൈദ്യുതി ഉൽപ്പാദനം, സംഭരണം, പ്രസരണം

207 [1149] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉൽപ്പാദനം, സംഭരണം, പ്രസരണം തുടങ്ങിയവ സംബന്ധിച്ച് ഏറ്റവും ഒടുവിലായി കേരള മുഖ്യമന്ത്രി, കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് അവസാനം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ ഒരു സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും തുടരുന്നതിന് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. ആറുമാസംകൂടി ബോർഡിനെ അത്തരത്തിൽ തുടരാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly